REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രാജിവെച്ചു. രാജി ആരോഗ്യപരമായ കാരണങ്ങൾകൊണ്ടെന്ന് ധൻകർ.
- ഇന്നലെ അന്തരിച്ച മുൻ മുഖ്യമന്ത്രി VS അച്യുതാനന്ദന് അന്ത്യാഞ്ജലിയർപ്പിച്ച് രാഷ്ട്രീയ കേരളം. അന്തിമോപചാരമർപ്പിക്കാൻ ആയിരങ്ങൾ ഇപ്പോഴുമെത്തിക്കൊണ്ടിരിക്കുന്നു.
- ഇന്ന് സംസ്ഥാനത്ത് പൊതുഅവധി. മൂന്ന്ദിവസം ഔദ്യോഗിക ദുഃഖാചരണം.
- ISRO യും നാസയും ചേർന്ന് വികസിപ്പിച്ച 'നിസാർ' ഭൗമ നിരീക്ഷണ ഉപഗ്രഹം ഈ മാസം 30ന് ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിക്കും.
- സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഒഴികെ ഇന്ന് മഞ്ഞ ജാഗ്രത.
- ഇംഗ്ലണ്ടിനെതിരായ ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ നാലാം മത്സരം നാളെ തുടങ്ങും.

# വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രാജിവെച്ചു. ആരോഗ്യ പരമായ കാരണങ്ങളാണ് രാജിക്ക് പിന്നിലെന്ന് രാഷ്ട്രപതി ദ്രൗപതി മുർമുവിന് നൽകിയ കത്തിൽ അദ്ദേഹം അറിയിച്ചു. വൈദ്യോപദേശം മുൻനിർത്തിയാണ് രാജിയെന്നും ജഗ്ദീപ് ധൻകർ വ്യക്തമാക്കി. ഉടൻ പ്രാബല്യത്തിൽ വരുന്ന വിധത്തിലാണ് രാജി.

ഇതുവരെ രാഷ്ട്രപതിയും പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിമാരും പാർലമെന്റ് അംഗങ്ങളും നൽകിയ പിന്തുണയ്ക്കും സ്നേഹാദരങ്ങൾക്കും അദ്ദേഹം നന്ദി അറിയിച്ചു. പ്രധാനമന്ത്രിയുടെ പിന്തുണയും സഹകരണവും അമൂല്യമാണെന്ന് അദ്ദേഹം എടുത്തുപറഞ്ഞു. ഇന്ത്യയുടെ സാമ്പത്തിക പുരോഗതിയിലും വികസനത്തിലും സാക്ഷിയാകാൻ കഴിഞ്ഞതിൽ അതിയായ സംതൃപ്തിയുണ്ടെന്നും ജഗ്ദീപ് ധൻകർ അറിയിച്ചു.

✪✪✪

ജനകീയ സമര പോരാട്ടങ്ങളിലെ വിപ്ലവനായകൻ, VS അച്യുതാനന്ദന് അന്ത്യാഞ്ജലിയർപ്പിച്ച് രാഷ്ട്രീയ കേരളം. തിരുവനന്തപുരം AKG പഠന കേന്ദ്രത്തിൽ പൊതുദർശനത്തിന് വെച്ച ശേഷം അദ്ദേഹത്തിന്റെ ഭൗതിക ശരീരം ഇന്നലെ രാത്രി അദ്ദേഹത്തിന്റെ വസതിയിൽ എത്തിച്ചു. പതിനായിരങ്ങളാണ് ഇപ്പോഴും അദ്ദേഹത്തിന് അന്തിമോപചാരമർപ്പിക്കാൻ എത്തിക്കൊണ്ടിരിക്കുന്നത്. ഹൃദയാഘാതത്തെ തുടർന്ന് ഒരു മാസം തിരുവനന്തപുരത്തെ  പട്ടം SUT ആശുപത്രിയിൽ ചികിത്സയിലായിരുന്ന VS ഇന്നലെ ഉച്ചകഴിഞ്ഞ് 3.20നാണ് വിടവാങ്ങിയത്.

ഇന്ന് രാവിലെ 9 മുതൽ തിരവനന്തപുരം ദർബാർ ഹാളിൽ ഭൗതിക ശരീരം പൊതുദർശനത്തിന് വെക്കും. ഉച്ചയ്ക്ക് രണ്ട് മണിയോടെ വിലാപയാത്രയായി ഭൗതിക ശരീരം ആലപ്പുഴയിലേക്ക് കൊണ്ടുപോകും. നാളെ ഉച്ചകഴിഞ്ഞ് വലിയ ചുടുകാട്ടിലാണ് സംസ്കാര ചടങ്ങുകൾ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി R രവികുമാർ.

.....വോയ്സ്.....

✪✪✪

VS. അച്യുതാനന്ദന്റെ നിര്യാണത്തെ തുടർന്ന് ഇന്ന് സംസ്ഥാനത്ത് ഗവൺമെന്റ് പൊതുഅവധി നൽകി. ഗവൺമെന്റ് ഓഫീസുകൾക്കും, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, അവധിയായിരിക്കും. ഇതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റാറ്റിയൂട്ടറി

സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയ്ക്കും, നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ട് പ്രകാരം അവധി നൽകിയിട്ടുണ്ട്.

മൂന്ന് ദിവസത്തെ ഔദ്യോഗിക ദുഃഖാചരണത്തിന്റെ ഭാഗമായി ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും.

✪✪✪

ഇന്ത്യയുടെ ഇടതുപക്ഷ രാഷ്ട്രീയ ചരിത്രത്തിലെ ഒരു യുഗത്തിന്റെ അന്ത്യമാണ് VS അച്യുതാനന്ദന്റെ വിയോഗമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

CPIM-ന്റെ സ്ഥാപക നേതാവായ VS കേരളത്തിലും ദേശീയ തലത്തിലും പാർട്ടിയുടെ ദിശ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു.

കേരള മുഖ്യമന്ത്രിയായിരുന്നപ്പോഴും പ്രതിപക്ഷ നേതാവായിരുന്നപ്പോഴും ഭൂമി കൈയേറ്റങ്ങൾ, അഴിമതി വിരുദ്ധ നടപടികൾ, പരിസ്ഥിതി സംരക്ഷണം എന്നിവയിലെ VS ന്റെ ഉറച്ച നിലപാടുകൾ ശ്രദ്ധേയമായിരുന്നുവെന്ന് ഗവർണർ അനുസ്മരിച്ചു.

✪✪✪

CPIM-ന്റെ സ്ഥാപക നേതാവും, നാടിനെ സംരക്ഷിക്കാൻ നിരവധി പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ കമ്മ്യൂണിസ്റ്റുമായിരുന്നു VS അച്ചുതാനന്ദനെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറിയേറ്റ് അനുശോചന സന്ദേശത്തിൽ അറിയിച്ചു. അടിസ്ഥാന ജനവിഭാഗത്തിൽ നിന്ന് ഉയർന്നു വരികയും, അവരുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുകയും ചെയ്ത അച്ചുതാനന്ദന്റെ വിയോഗം പാർട്ടിക്ക് നികത്താനാകാത്ത നഷ്ടമാണ്.

സാമൂഹ്യ നീതിയുടെ കാഴ്ചപ്പാടുകൾക്ക് ഒപ്പം നിലയുറപ്പിക്കുകയും, അവയെ വർഗ്ഗ സമര കാഴ്ചപ്പാടുമായി കണ്ണിചേർക്കുകയും ചെയ്ത കമ്മ്യൂണിസ്റ്റായിരുന്നു അദ്ദേഹമെന്നും കേരളത്തിന്റെ സാമൂഹ്യ വികാസങ്ങൾക്കൊപ്പം സഞ്ചരിക്കുകയും, പുതിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയും ചെയ്ത ക്രാന്ത ദർശി ആയിരുന്നു VS എന്നും അനുശോചക്കുറിപ്പ് അനുസ്മരിച്ചു.

✪✪✪

അച്യുതാനന്ദന്റെ നിര്യാണത്തിൽ KPCC പ്രസിഡന്റ് സണ്ണി ജോസഫ് അനുശോചനം അറിയിച്ചു. മികച്ച ഭരണാധികാരിയും പൊതുപ്രവർത്തകനും ആയിരുന്നു VS അച്യുതാനന്ദനെന്നും അദ്ദേഹത്തിന്റെ വേർപാട് സംസ്ഥാനത്തിന് വലിയ നഷ്ടമാണെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രി,

പ്രതിപക്ഷ നേതാവ്  എന്നീ നിലകളിൽ എല്ലാം അദ്ദേഹത്തിന്റെ സേവനങ്ങൾ വിലപ്പെട്ടതായിരുന്നു. അദ്ദേഹത്തിന്റെ   കുടുംബത്തിന്റെയും പാർട്ടിയുടെയും ദുഃഖത്തിൽ KPCC പങ്കുചേരുന്നതായും സണ്ണി ജോസഫ് പറഞ്ഞു.

അഭിപ്രായ സ്ഥൈര്യവും പോരാട്ട വീര്യവും നിറഞ്ഞ കമ്മ്യൂണിസ്റ്റ് നേതാവിനെയാണ് VS അച്ചുതാനന്ദന്റെ മരണത്തിലൂടെ നഷ്ടമായതെന്ന് മുൻ കേന്ദ്ര മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ മുല്ലപ്പള്ളി രാമചന്ദ്രൻ കോഴിക്കോട്ട് പറഞ്ഞു. VS അച്ചുതാനന്ദന്റെ  അഴിമതി വിരുദ്ധ നിലപാടുകൾ എന്നും ശ്രദ്ധേയമായിരുന്നുവെന്നും മുല്ലപ്പള്ളി വിലയിരുത്തി.

✪✪✪

VS അച്യുതാനന്ദന്റെ വേർപാട് നികത്താനാവാത്ത നഷ്ടമാണെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് കോഴിക്കോട്ട് അനുശോചന സന്ദേശത്തിൽ പറഞ്ഞു. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് വേണ്ടി അദ്ദേഹം നടത്തിയ ഇടപെടലുകൾ എന്നും ജനങ്ങൾക്ക് മുന്നിൽ മായാതെ കിടക്കുമെന്ന് റിയാസ് പറഞ്ഞു.

ആധുനിക കേരളത്തിന്റെ വളർച്ചയ്ക്കൊപ്പം മലയാളി മനസ്സിൽ ഇടം നേടിയ പകരം വെക്കാനില്ലാത്ത വ്യക്തിത്വത്തിനുടമയാണ് അച്യുതാനന്ദനെന്ന് മന്ത്രി AK ശശീന്ദ്രൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. കേരള രാഷ്ട്രീയത്തിൽ എട്ട് പതിറ്റാണ്ടിലേറെ സമരങ്ങളുടെയും പോരാട്ടങ്ങളുടെയും വേലിയേറ്റം ഉണ്ടാക്കിയ നേതാവായിരുന്നു VS എന്നും മന്ത്രി പറഞ്ഞു.

✪✪✪

രാഷ്ട്രീയമായി എതിർ ചേരികളിലായിരുന്നെങ്കിലും ഈ കാലഘട്ടത്തിൽ ജീവിച്ച ശക്തനായ കമ്മ്യൂണിസ്റ്റ് നേതാവെന്ന നിലയിൽ തികച്ചും ആദരണീയനായിരുന്നു  VS അച്യുതാനന്ദനെന്ന് മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിക്കലി ശിഹാബ് തങ്ങൾ പറഞ്ഞു. താഴെ തട്ടിൽ നിന്ന് ഉയർന്ന ശ്രേണികളിലെത്തിയിട്ടും ആദർശത്തിൽ വിട്ടുവീഴ്ച ചെയ്യാത്ത കമ്മ്യൂണിസ്റ്റായിരുന്നു അദ്ദേഹമെന്നും അനുശോചന സന്ദേശത്തിൽ തങ്ങൾ പറഞ്ഞു.

മുസ്ലീം ലീഗ് നേതാവ് PK കുഞ്ഞാലിക്കുട്ടിയും അച്യുതാനന്ദന്റെ വേർപാടിൽ അനുശോചനം അറിയിച്ചു.  രാഷ്ട്രീയത്തിൽ വിട്ടുവീഴ്ചയില്ലാത്ത പ്രസംഗവും പ്രവർത്തിയുമായിരുന്നു അദ്ദേഹത്തിന്റേതെന്ന് കുഞ്ഞാലിക്കുട്ടി അനുസ്മരിച്ചു.

✪✪✪

ഭരണപക്ഷത്തായാലും, പ്രതിപക്ഷത്തായാലും ജനപക്ഷത്ത് നിന്ന നേതാവാണ് VS അച്യുതാനന്ദനെന്ന് BJP ദേശീയ നിർവാഹക സമിതിയംഗം PK കൃഷ്ണദാസ് പറഞ്ഞു. കേരളത്തിന്റെ എല്ലാ സമരമുഖങ്ങളിലും നിറസാന്നിധ്യമായിരുന്നു അദ്ദേഹമെന്നും കൃഷ്ണദാസ് തിരുവനന്തപുരത്ത് പറഞ്ഞു.

കേരള രാഷ്ട്രീയത്തിന്റെ ആദർശ മുഖമായിരുന്നു അച്യുതാനന്ദനെന്ന് BJP ദേശീയ കൗൺസിൽ അംഗം PC ജോർജ്ജ് അനുശോചന സന്ദേശത്തിൽ പറഞ്ഞു. അധികാരത്തിന് വേണ്ടി ആദർശം പണയം വെക്കാത്ത നേതാവായിരുന്നു അദ്ദേഹമെന്നും ജോർജ്ജ് പറഞ്ഞു.

✪✪✪

ജനാധിപത്യത്തിനും നീതിക്കും വേണ്ടി എന്നും ശബ്ദമുയർത്തിയ ജനനേതാവായിരുന്നു VS അച്യുതാനന്ദനെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അനുസ്മരിച്ചു. പാവങ്ങളുടേയും സമൂഹത്തിന്റെ താഴെക്കിടയിൽ കഴിയുന്നവരുടേയും ഉന്നമനത്തിന് പ്രവർത്തിച്ച കമ്മ്യൂണിസ്റ്റ് നേതാവായിരുന്നു അദ്ദേഹമെന്നും രാഹുൽ ഗാന്ധി ഫേസ്ബുക്കിൽ കുറിച്ചു.

കേരളത്തിന്റെ രാഷ്ട്രീയ മനസാക്ഷിയിൽ ആഴത്തിൽ പതിഞ്ഞ വിപ്ലവ പാരമ്പര്യമാണ് VS അച്യുതാനന്ദനെന്ന് തമിഴ്നാട് മുഖ്യമന്ത്രി MK സ്റ്റാലിൻ സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. തത്വാദിഷ്ടിത രാഷ്ട്രീയത്തിന്റെയും പൊതു സേവനത്തിന്റെയും മൂർത്തീകരണമായിരുന്നു അദ്ദേഹമെന്ന് സ്റ്റാലിൻ പറഞ്ഞു.

✪✪✪

ജീവിതം സമരമാക്കിയ ജനനായകനായിരുന്നു VS അച്യുതാനന്ദനെന്ന് നടൻ മോഹൻലാൽ ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു. നിലപാടുകളിലും ആദർശങ്ങളിലും എന്നും ഉറച്ചുനിന്ന അദ്ദേഹത്തിന് മലയാളികളുടെ മനസ്സിൽ മരണമില്ലെന്ന് മോഹൻലാൽ വിലയിരുത്തി.

അവഗണിക്കപ്പെട്ടവരുടെ വഴികാട്ടിയായിരുന്നു VS എന്ന് നടൻ കമൽഹാസനും X-പോസ്റ്റിൽ കുറിച്ചു.

✪✪✪

അച്യുതാനന്ദന്റെ വിയോഗത്തിൽ കോഴിക്കോട് അതിരൂപതയും കേരള ലത്തീൻ സഭയും അനുശോചനം അറിയിച്ചു. വിശ്വസിച്ച തത്വശാസ്ത്രത്തിൽ ഉത്തമബോധ്യത്തോടെ ജീവിക്കുകയും, മൂല്യങ്ങളിൽ ഉറച്ചുനിന്ന് പ്രസ്ഥാനത്തെ നയിക്കുകയും ചെയ്ത നല്ല നേതാവായിരുന്നു അദ്ദേഹമെന്ന് കോഴിക്കോട് അതിരൂപത ആർച്ച് ബിഷപ്പ് വർഗീസ് ചക്കാലക്കൽ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് പൊതുഅവധി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇന്ന് നടത്താനിരുന്ന നിരവധി പരിപാടികൾ മാറ്റിവെച്ചു.

ഇന്നത്തേക്ക് നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും ഇന്റർവ്യൂകളും മാറ്റി വെച്ചതായി PSC അറിയിച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

കേരള സർവകലാശാല ഇന്നത്തെ പരീക്ഷകൾ മാറ്റി വെച്ചു.

നോർക്ക റൂട്ട്സ് കോഴിക്കോട് സെന്ററിൽ ഇന്നത്തെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനും മാറ്റി. ടോക്കൺ ലഭിച്ചവർക്ക് നാളെ അറ്റസ്റ്റേഷൻ നടത്താം.

കോഴിക്കോട്-ബാലുശ്ശേരി റോഡ് ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി താലൂക്ക് ഓഫീസിൽ ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന വേങ്ങേരി വില്ലേജിലെ ഹിയറിങ് 30ലേക്ക് മാറ്റിയതായി സ്പെഷ്യൽ തഹസിൽദാർ അറിയിച്ചു.

CPIM നേതൃത്വത്തിൽ 23ന് കോഴിക്കോട് മെഡിക്കൽ കോളേജിന് മുന്നിൽ നടത്താനിരുന്ന സംരക്ഷണ ശൃംഖയും മാറ്റിയിട്ടുണ്ട്.

✪✪✪

ISRO യും നാസയും ചേർന്ന് വികസിപ്പിച്ച 'നിസാർ' ഭൗമ നിരീക്ഷണ ഉപഗ്രഹം ഈ മാസം 30ന് വൈകിട്ട് 5.40ന് ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിക്കും. GSLV -F16 റോക്കറ്റ് ഉപയോഗിച്ചാണ് രണ്ടര ടണ്ണോളം ഭാരം വരുന്ന ഉപഗ്രഹത്തെ ഭ്രമണപഥത്തിൽ എത്തിക്കുന്നത്. നാസയുടേയും ISRO യുടേയും റഡാറുകൾ ഉപയോഗിച്ച് ഭൂമിയെ നിരീക്ഷിക്കുന്ന സംവിധാനമാണ് ഉപഗ്രഹത്തിൽ ഘടിപ്പിച്ചിരിക്കുന്നത്. ഭൂമിയുടെ ഉപരിതലത്തിലെ സൂക്ഷ്മ മാറ്റങ്ങൾ കണ്ടെത്താനും വ്യക്തമായ ചിത്രങ്ങൾ ലഭ്യമാക്കാനും കഴിയുന്ന റഡാറുകൾക്ക് ദുരന്തസാധ്യതകൾ കണ്ടെത്താനും നിരീക്ഷിക്കാനും കഴിയും.

✪✪✪

സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഒഴികെ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

BJP പാലക്കാട് മേഖലാ പ്രസിഡന്റ് V ഉണ്ണികൃഷ്ണൻ മാസ്റ്ററെ BJP സംസ്ഥാന വൈസ് പ്രസിഡന്റായി നിയമിച്ചു. ABVP സംസ്ഥാന പ്രസിഡന്റ്, NTU സംസ്ഥാന പ്രസിഡന്റ്, FETO സംസ്ഥാന പ്രസിഡന്റ് തുടങ്ങിയ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കോട്ടയ്ക്കൽ നിയമസഭാ തെരഞ്ഞെടുപ്പിലും, മലപ്പുറം

പാർലമെന്റ് തെരഞ്ഞെടുപ്പിലും അദ്ദേഹം മത്സരിച്ചിട്ടുണ്ട്. തിരൂർ കന്മനം സ്വദേശിയാണ് ഉണ്ണികൃഷ്ണൻ മാസ്റ്റർ.

✪✪✪

ഇംഗ്ലണ്ടിനെതിരായ ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ നാലാം മത്സരം നാളെ തുടങ്ങും. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് മാഞ്ചസ്റ്ററിലെ എമിറേറ്റ്സ് ഓൾഡ് ട്രാഫോർഡിലാണ് മത്സരം. അഞ്ച് മത്സര പരമ്പരയിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്.

✪✪✪

ജോർജിയയിലെ ബെറ്റുമിൽ ഫിഡെ വനിതാ ലോകകപ്പ് ചെസ്സിൽ ഇന്ത്യയുടെ ഇന്റർനാഷണൽ മാസ്റ്റർ ദിവ്യ ദേശ്മുഖ് സെമി ഫൈനലിലെത്തി. സെമിയിലെത്തുന്ന രണ്ടാമത്തെ ഇന്ത്യൻ താരമാണ് ദിവ്യ. നാട്ടുകാരിയായ ഹരിക ദ്രോണവല്ലിയെ റാപിഡ് ടൈ ബ്രേക്കറിലാണ് ദിവ്യ തോൽപ്പിച്ചത്.

✪✪✪

2025-ലെ SAFF അണ്ടർ-17 ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ ഫിക്സർ നറുക്കെടുപ്പ് പൂർത്തിയായി. നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ഗ്രൂപ്പ് B-യിൽ പാകിസ്ഥാൻ, ഭൂട്ടാൻ, മാലിദ്വീപ് എന്നിവരുമായി ഏറ്റുമുട്ടും. ഗ്രൂപ്പ് A-യിൽ ശ്രീലങ്ക, ബംഗ്ലാദേശ്, നേപ്പാൾ എന്നീ ടീമുകൾ മത്സരിക്കും.

സെപ്റ്റംബർ 15 മുതൽ 27 വരെ ശ്രീലങ്കയിലെ കൊളംബോയിലാണ് ടൂർണമെന്റ്.

✪✪✪

*News Editor & Reader : അനിൽ ചന്ദ്രൻ*
*NRTs:അബ്ദുൾ കബീർ, സയ്യിദ് അലി ശിഹാബ്*
*DEO : സി കെ സുബോധ്*